LIBRARY ARCHIVES Kerala Legislative Assembly

11. റെയിൽവേ കോച്ച് ഫാക്ടറി നിർമ്മാണം

ശ്രീ. എം. ഹംസ : സർ, കേരളത്തിന്റെയും പാലക്കാട് ജില്ലയുടെയും ഏറെക്കാലത്തെ ഒരു സ്വപ്നമാണ് കോച്ച് ഫാക്ടറി എന്നത്. 1980-ൽ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പാലക്കാടിന് കോച്ച് ഫാക്ടറി വാഗ്ദാനം ചെയ്തു. എന്നാൽ പിന്നീടത് പഞ്ചാബിലേക്കു പോയി. പാലക്കാട് ഡിവിഷൻ വിഭജിച്ച് സേലം ഡിവിഷൻ ആരംഭിക്കുമ്പോൾ, അമ്മയേക്കാൾ വലിയ കുഞ്ഞു പിറക്കാനാവശ്യമായ ശ്രമം നടന്നപ്പോൾ കേരളം വീണ്ടും പ്രതിഷേധത്തിലേക്കുവന്നു. ആ പ്രതിഷേധത്തിന്റെ ഘട്ടത്തിൽ റെയിൽവേ വീണ്ടും പറഞ്ഞു, പാലക്കാട്ടേക്ക് കോച്ച് ഫാക്ടറി തരാം, സേലം ഡിവിഷൻ അങ്ങോട്ടേക്ക് പൊയ്ക്കോട്ടെ എന്ന്. കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള തടസ്സമുള്ളത് ഇവിടെ സ്ഥലമില്ല എന്നതായിരുന്നു. എന്നാൽ കേരളത്തിലെ ഗവൺമെന്റ് എല്ലാവരുടേയും പിന്തുണയോടുകൂടി 431 ഏക്കർ സ്ഥലം ഒരാളെയും കുടിയൊഴിപ്പിക്കാതെ വളരെ മിന്നൽ വേഗത്തിൽ എടുത്ത് കേന്ദ്ര റെയിൽവേ വകുപ്പിനെ ഏൽപ്പിച്ചുകഴിഞ്ഞു. എന്നിട്ടും കോച്ച് ഫാക്ടറി ഇല്ല. ആ കോച്ച് ഫാക്ടറിക്കുവേണ്ടി ബജറ്റിൽ വകയിരുത്താതിരുന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ സഹായത്തോടുകൂടിയാണ് ബജറ്റിൽ അത് ഉൾപ്പെടുത്തിയത്. എന്നിട്ടും ഈ കോച്ച് ഫാക്ടറി എപ്പോൾ നടക്കുമെന്നതിന് യാതൊരു ഉറപ്പുമില്ല. മാതൃകാപരമായി സ്ഥലമേറ്റെടുത്ത് കേന്ദ്രത്തിന് സമർപ്പിച്ചിട്ടും കോച്ച് ഫാക്ടറി ഇല്ലാതെ വരുന്നു. റായ്ബറേലിയിലും കാഞ്ചരപ്പയിലും ഭൂമി റെയിൽവേ തന്നെ ഏറ്റെടുക്കുകയാണ് ചെയ്തത്. നമ്മുടെ ഖജനാവിലെ പണം കൊണ്ട് ഭൂമി ഏറ്റെടുത്ത് അങ്ങോട്ടേയ്ക്ക് കൊടുത്തിട്ടുപോലും കോച്ച് ഫാക്ടറി നമുക്ക് കിട്ടുന്നില്ല എന്നു പറയുന്നത് കേരളത്തോടു കാണിക്കുന്ന വിവേചനമാണ്. അതിന് ഒറ്റക്കെട്ടായി പ്രതിഷേധിക്കാനും പാലക്കാട് കോച്ച് ഫാക്ടറി സ്ഥാപിക്കാനും കേരള സർക്കാർ ഇടപെടണമെന്നും അതിനുവേണ്ടി കേന്ദ്രത്തിന്റെ മുമ്പിൽ സമ്മർദ്ദം ചെലുത്തണമെന്നും ബഹുമാനപ്പെട്ട കേരള ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി പദ്ധതി ഏത് രീതിയിൽ നടപ്പാക്കണമെന്ന കാര്യവും പദ്ധതിക്കുള്ള അപ്രൂവലും ഇതുവരെ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടില്ല. ഈ രണ്ടു കാര്യങ്ങളും തീരുമാനിച്ചാൽ മാത്രമേ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. പദ്ധതിക്കാവശ്യമായ 430 ഏക്കർ ഭൂമിയിൽ 429.27 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഫാക്ടറി പൂർണ്ണമായും കേന്ദ്ര ഗവൺമെന്റ് ഉടമസ്ഥതയിലായിരിക്കുമെന്ന അനുമാനത്തിൽ ആവശ്യമായ ഭൂമി സൗജന്യമായി നൽകുവാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ച് കേന്ദ്ര സർക്കാരിനെ അറിയിച്ചത്. അത് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടു. ഏറ്റെടുക്കാതിരിക്കുമ്പോൾ അത് ടേക്ക് ഓവർ ചെയ്യാൻ വീണ്ടും സർക്കാർ

ആവശ്യപ്പെടുകയാണുണ്ടാകുന്നത്. കൂടാതെ ഒരു സർക്കാർ-പൊതുമേഖലാ സ്ഥാപനവുമായി സംയുക്ത സംരംഭമായാണ് പദ്ധതി നടപ്പാക്കുന്നതെങ്കിൽ ഭൂമിയുടെ കമ്പോളവിലയായ 60.63 കോടി രൂപയുടെ 4 ശതമാനം വാർഷിക പാട്ടവാടകയായി 10 വർഷത്തിലൊരിക്കൽ പുതുക്കണമെന്ന വ്യവസ്ഥയോടു കൂടി ഭൂമി കേന്ദ്രഗവൺമെന്റിന് പാട്ടത്തിന് നൽകുന്നതിന് സമ്മതമാണെന്നും സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടു കൂടിയാണെങ്കിൽ ഭൂമി പാട്ടത്തിന് നൽകുന്നതിനെക്കുറിച്ചുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം പുതിയതായി റെയിൽവേ ബോർഡ് ഇപ്പോൾ ആരാഞ്ഞു. ഇത് സംബന്ധിച്ച നയപരമായ തീരുമാനം കേന്ദ്ര റെയിൽവേയെ സംസ്ഥാന സർക്കാർ അറിയിച്ചു കഴിഞ്ഞു. അന്തിമ തീരുമാനം എടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. വരുന്ന റെയിൽവേ ബഡ്ജറ്റിന് മുമ്പ് തന്നെ കോച്ച് ഫാക്ടറിയുടെ അന്തിമ തീരുമാനം പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നതാണ്.

12. ആൾട്ടർനേറ്റീവ് സ്കൂളുകൾ

ശ്രീ. കെ. കെ. ദിവാകരൻ: സർ, സാർവ്വത്രിക വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദിവാസി പിന്നോക്ക മേഖലയെ കേന്ദ്രീകരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡി.പി.ഇ.പി.യുടേയും എസ്.എസ്.എ.-യുടേയും ഭാഗമായി കഴിഞ്ഞ 14 വർഷക്കാലമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 446 ആൾട്ടർനേറ്റീവ് സ്കൂളുകളുടെ പ്രവർത്തനം 2011 മാർച്ച് 31-ഓടുകൂടി നിർത്തലാക്കപ്പെടുകയാണ്. 2010-2011 അദ്ധ്യയന വർഷത്തിൽ തന്നെ കേന്ദ്ര സർക്കാർ ഇത്തരം വിദ്യാലയങ്ങളുടെ ഫണ്ട് നിർത്തലാക്കി. ഒടുവിൽ സെക്രട്ടേറിയറ്റ് ഉപരോധം തുടങ്ങിയ നിരവധി സമരങ്ങൾ ആ മേഖലയിലെ ജീവനക്കാർ നടത്തി. കക്ഷി ഭേദമെന്യേ എല്ലാ നിയമസഭാംഗങ്ങളുടെയും ഇടപെടൽ ഇക്കാര്യത്തിലുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 2011 മാർച്ച് 31 വരെ ഈ വിദ്യാലയങ്ങളിലെ പ്രവർത്തനം തുടരാൻ പ്രത്യേക അനുമതി നൽകുകയുണ്ടായി. മാർച്ച് 31-നുശേഷം 446 അദ്ധ്യാപകരുടേയും അത്രത്തോളം വരുന്ന പാചകത്തൊഴിലാളികളുടേയും 11,455 വിദ്യാർത്ഥികളുടേയും ഭാവി ഇരുളടയുകയാണ്. ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് തുടർന്ന് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും ഇനി മറ്റൊരു ജോലി ലഭിക്കാൻ സാധ്യമല്ലാത്ത ആ ജീവനക്കാരെ സംരക്ഷിക്കുന്നതിനും സർക്കാർ അടിയന്തര നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ടു കൊണ്ടാണ് ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, സർവ്വശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ 446 മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റേഴ്സ് എന്നറിയപ്പെടുന്ന ആൾട്ടർനേറ്റീവ് സ്കൂളുകളിൽ 11,455 കുട്ടികൾ പഠിച്ചു വരുന്നു. അപ്രാപ്യമായ വനമേഖലയിലും സാമൂഹികമായും സാംസ്കാരികമായും സവിശേഷതകളുള്ള പ്രദേശങ്ങളിലുമാണ് ഈ സ്കൂളുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത പ്രദേശങ്ങളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള ആൾട്ടർനേറ്റീവ് വിദ്യാലയങ്ങൾ സാധാരണ വിദ്യാലയങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly